# പതിന്നാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2187** **11.06.2018-ൽ മറുപടിക്ക്**

**മട്ടാഞ്ചേരിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ റേഡിയോളജിസ്റ്റ് തസ്തിക**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ജോൺ ഫെർണാണ്ടസ്** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) | |
| (എ) | നൂറ് കണക്കിന് രോഗികൾ ദിനംപ്രതി എത്തിച്ചേരുന്ന മട്ടാഞ്ചേരിയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ റേഡിയോളജിസ്റ്റ് ഇല്ലാത്തതിനാൽ അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ പ്രവർത്തിപ്പിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | കരാറടിസ്ഥാനത്തിൽ റേഡിയോളജിസ്റ്റിനെ ലഭ്യമാകാഞ്ഞിട്ടും വൻനിരക്ക് നൽകി സാധാരണക്കാരായ രോഗികൾ പുറത്ത് സ്കാനിംഗ് ചെയ്യേണ്ട അവസ്ഥ ഉണ്ടായിട്ടും റേഡിയോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്നതിലുള്ള ശുപാർശ സമർപ്പിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | മട്ടാഞ്ചേരി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ റേഡിയോളജിസ്റ്റിന്റെ തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല. എച്ച്.ഡി.സി. തീരുമാനപ്രകാരം ഒരു ഡോക്ടറെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് 2017 ജൂൺമാസം വരെ അൾട്രാസൗണ്ട് സ്കാനിംഗ് മെഷ്യൻ പ്രവർത്തിപ്പിച്ചു വന്നിരുന്നു. എന്നാൽ, പ്രസ്തുത ഡോക്ടർ പിരിഞ്ഞ് പോയതിനുശേഷം കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ നോട്ടീസ് പ്രസിദ്ധപ്പെടുത്തിയിട്ടും അപേക്ഷകൾ ലഭ്യമായിട്ടില്ല. റേഡിയോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പശ്ചിമകൊച്ചിയിലെ വലിയ ഒരു ജനവിഭാഗം ആശ്രയിക്കുന്ന ഈ ആശുപത്രിയുടെ പ്രാധാന്യം കണക്കിലെടുത്ത് റേഡിയോളജിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | ശിപാർശ ലഭ്യമായാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ